# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :5372 01.07.2019-ലെ മറുപടിക്ക്

## <u>വ്യവസായ പ്രോത്സാഹന പദ്ധതികൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം<br>,, എം. സ്വരാജ്<br>,, എസ്.ശർമ്മ<br>,, റ്റി.വി.രാജേഷ് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) വ്യവസായ പ്രോത്സാഹനത്തിനായി കിൻഫ്ര മുഖേന നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമാണ്; വിശദമാക്കുമോ; | (എ) വ്യവസായ പ്രോത്സാഹനത്തിനായി കിൻഫ്ര മുഖേന നടപ്പാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ, കണ്ണൂർ<br>2. മെഗാ ഫുഡ് പാർക്ക്, പാലക്കാട്<br>3. ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്<br>4. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം<br>5. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം<br>6. സ്പൈസസ് പാർക്ക്, ഇടുക്കി<br>**<u>ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം</u>**<br>അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ചുരുങ്ങിയ സമയത്തിനുള്ളിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ബഹുനില ഫാക്ടറി കെട്ടിട സമുച്ചയങ്ങൾ കിൻഫ്ര സ്ഥാപിച്ചു വരുന്നു. ഇതു പ്രകാരം ചെറുകിട വ്യവസായങ്ങളുടെ വികസനത്തിനായി താഴെ പറയുന്ന പുതിയ പദ്ധതികൾ കിൻഫ്ര നടപ്പിലാക്കി വരുന്നു.<br>1. ബഹു.നില ഫാക്ടറി കെട്ടിട സമുച്ചയം, കിൻഫ്ര പാർക്ക്, കാക്കഞ്ചേരി, മലപ്പുറം (രണ്ടാം ഘട്ട വികസനം)<br>2. (രണ്ടാം ഘട്ട വികസനം) കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, കഴക്കൂട്ടം, തിരുവനന്തപുരം<br>3. കൊരട്ടി പാർക്കിന്റെ രണ്ടാം ഘട്ട വികസനം<br>4. ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം, രാമനാട്ടുകര, കോഴിക്കോട്. |

| | |
|---|---|
| (ബി) സംസ്ഥാനത്തിന്റെ പുതിയ വ്യവസായ നയത്തിനനുസൃതമായി പുതിയ വ്യവസായ വികസന മേഖലകൾ സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ; | (ബി) സംസ്ഥാനത്തിന്റെ പുതിയ വ്യവസായ നയത്തിനനുസൃതമായി പുതിയ വ്യവസായ വികസന മേഖലകൾ, സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിലാണ് പ്രസ്തുത പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇവയിൽ പാലക്കാടും കണ്ണൂരും പദ്ധതിക്ക് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.കാസറകോഡ് ജില്ലയിലെ മടിക്കൈയിലും ഇത്തരത്തിൽ ഒരു പദ്ധതി ആരംഭിക്കുന്നുണ്ട്. |
| (സി) കേന്ദ്രസർക്കാർ സഹായത്തോടെ എട്ടിടങ്ങളിൽ ചെറുകിട വ്യവസായ പാർക്കുകൾ രൂപീകരിക്കാനുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ; | (സി) കേന്ദ്ര സർക്കാരിന്റെ ഇൻഡഗ്രേറ്റഡ് ഡെവലപ്മെന്റ് സെന്റർ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെ പറയുന്ന ചെറുകിട വ്യവസായ പാർക്കുകൾ കിൻഫ്ര സ്ഥാപിച്ചിട്ടുണ്ട്. ഇവയെല്ലാം തന്നെ പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാണ്.<br><br>➢ കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്. തുമ്പ. തിരുവനന്തപുരം<br>➢ കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, അടൂർ, പത്തനംതിട്ട<br>➢ കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്. മഴുവന്നൂർ, എറണാകുളം<br>➢ കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്. കൊരട്ടി, തൃശ്ശൂർ<br>➢ കിൻഫ്ര ടെക്നോ ഇൻഡസ്ട്രിയൽ പാർക്ക്, മലപ്പുറം<br>➢ കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്. തലശ്ശേരി, കണ്ണൂർ<br>➢ കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്, വയനാട്<br>➢ കിൻഫ്ര ചെറുകിട വ്യവസായ പാർക്ക്. കാസർഗോഡ് |

| | |
|---|---|
| (ഡി) വിവിധ മേഖലകളിലെ ഹൈടെക് വ്യവസായ വികസനത്തിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഹൈടെക് പാർക്ക് രൂപീകരണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (ഡി) ഹൈടെക് വ്യവസായ വികസനത്തിന് ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ഹൈടെക് പാർക്ക്. കിൻഫ്ര എറണാകുളം ജില്ലയിലെ കളമശ്ശേരിയിൽ 243 എക്കർ സ്ഥലത്ത് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പാർക്കിൽ 30 ഓളം സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. അവരെല്ലാം തന്നെ അവരുടെ പദ്ധതിയുടെ വിവിധ പ്രവർത്തന ഘട്ടങ്ങളിലാണ്. |
| (ഇ) കയറ്റുമതി പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ എറണാകുളത്ത് വികസിപ്പിക്കാനുദ്ദേശിക്കുന്ന എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ പണി പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഇ) കയറ്റുമതി പ്രോത്സാഹിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ എറണാകുളത്ത് കിൻഫ്ര വികസിപ്പിച്ച കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്കിന്റെ പണി പൂർത്തിയായിട്ടുണ്ട്. പ്രസ്തുത പാർക്ക് പൂർണ്ണ തോതിൽ പ്രവർത്തന സജ്ജമാണ്.16 വ്യവസായ സംരംഭങ്ങൾ അവിടെ പ്രവർത്തിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**